# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 3896

15.12-2014-ൽ മറുപടി
നൽകേണ്ടത്

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയുമായി ബന്ധപ്പെട്ട അഴിമതി ആരോപണം

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്. | **രമേശ് ചെന്നിത്തല**<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിലെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്കെതിരായുള്ള അഴിമതി ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; അഴിമതിക്ക് ഗൂഢാലോചന നടത്തിയതായി ആരോപിക്കപ്പെട്ട വരുടെ പങ്ക് വെളിപ്പെടുത്തുന്ന രേഖകൾ എല്ലാം കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; | (എ) | ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിലെ അഴിമതി ആരോപണം സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം (VE.30/06/SIU-I) നടത്തുകയും അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം മുൻപാകെ 19/03/2013-ൽ അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് 105 രേഖകൾ അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ട്. |
| (ബി) | വിജിലൻസ് അന്വേഷണം തടയുന്നതിനുവേണ്ടി തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവ് ചോദ്യം ചെയ്ത് ആരെങ്കിലും ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു; | (ബി) & (സി) | വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ 28/08/14-ൽ ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്ത പുരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഉത്തരവിനെതിരെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് മുൻ ചെയർമാൻ ശ്രീ.ടി.ബാലകൃഷ്ണൻ സമർപ്പിച്ച Crl MA 5630/2014 in Crl (RP) 1568/14 -ന്മേൽ 01/09/2014-ന് ബഹുമാനപ്പെട്ട തിരുവനന്തപുരം |
| സി) | വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നത് തടയണമെന്ന ആവശ്യം കോടതി അനുവദിച്ചിട്ടുണ്ടോ; കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച | | |

| | | | |
|---|---|---|---|
| | നടപടികൾ വിശദമാക്കാമോ ; | | വിജിലൻസ് കോടതിയുടെ 28/08/2014-ലെ ഉത്തരവ് നടപ്പാക്കുന്നത് തടഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലികമായി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ നീട്ടിവച്ചിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത അഴിമതി ആരോപണ വുമായി ബന്ധപ്പെട്ട് വിജിലൻസിന് ലഭിച്ച പരാതികൾ എത്ര; കേസ് രജിസ്റ്റർ ചെയ്തവ എത്ര; ചെയ്തിട്ടില്ലാത്തവ എത്ര; | (ഡി) | അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. സെബാസ്റ്റ്യൻ ജോർജ്, ശ്രീ.ജയൻ, ശ്രീ. ജി.സുനിൽ (സേവ് ടൈറ്റാനിയം ഫോറം) എന്നിവരുടെ പരാതികൾ ആണ് അന്വേഷണ വിധേയമാക്കിയത്. കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഇ) | പ്രസ്തുത ആരോപണം സംബന്ധിച്ച കേസ് വിജിലൻസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ, ആരോപിക്കപ്പെട്ടവർ പ്രസ്തുത വകുപ്പിന്റെ മേൽനോട്ടം വഹിക്കുന്നത് ധാർമ്മികവും ഉചിതവുമാണെന്ന അഭിപ്രായ മുണ്ടോ ? | (ഇ) | ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**